# സുഭിക്ഷം സുരക്ഷിതം പദ്ധതി – ഭാരതീയ പ്രകൃതി കൃഷി പദ്ധതി (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേസിറ്റി കൺസർഷൻ) 2020–21

## ആമുഖം

സ്വാഭാവിക കൃഷി പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായി കേന്ദ്ര സർക്കാരിൻറെയും സംസ്ഥാന സർക്കാരിൻറെയും സംയുക്ത സഹായത്തോടെ 'സുഭിക്ഷം സുരക്ഷിതം പദ്ധതി – ഭാരതീയ പ്രകൃതി കൃഷി പദ്ധതി (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേസിറ്റി കൺസർവേഷൻ)' കേരളത്തിൽ നടപ്പിലാക്കുന്നു. ഈ പദ്ധതിയിലൂടെ ഘട്ടം ഘട്ടമായി സംസ്ഥാനത്ത് 84000 ഹെക്ടർ സ്ഥലത്ത് പൂർണമായും പ്രകൃതി സൗഹൃദ കൃഷി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ബ്ലോക്ക് തലത്തിൽ ഒരു ക്ലസ്റ്ററിന് ചുരുങ്ങിയത് 500 ഹെക്ടർ വീതം ആകെ 168 ക്ലസ്റ്ററുകൾ വഴിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ഒരു ക്ലസ്റ്ററിന് 26.52 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

## ലക്ഷ്യം

ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്ന എല്ലാ ഗ്രൂപ്പുകൾക്കും പി.ജി.എസ്. സർട്ടിഫിക്കേഷൻ ഉറപ്പാക്കുക, ജൈവ ഗ്രാമങ്ങൾ രൂപീകരിക്കുക, കാലാവസ്ഥ വ്യതിയാനങ്ങൾക്കനുസരിച്ച് മണ്ണിൻറെ ഘടനയെ മാറ്റിയെടുക്കുക, സുരക്ഷിതമായ ഭക്ഷണത്തിലൂടെ രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുക, കുറഞ്ഞ ചിലവിൽ പരിസ്ഥിതി സൗഹൃദ കൃഷി പ്രോത്സാഹിപ്പിക്കുക, പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുക, പരമ്പരാഗത കാർഷിക അറിവുകൾ പ്രയോജനപ്പെടുത്തുക എന്നിവ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

## കർഷകരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

- ✓ കർഷകർക്ക് കുറഞ്ഞത് 5 സെൻറ് കൃഷിയിടം ഉണ്ടായിരിക്കണം.

- ✓ പാട്ടത്തിന് കൃഷി ചെയ്യുന്നവർ അപേക്ഷ നൽകുന്നത് ഭൂഉടമയുടെ പേരിൽ ആയിരിക്കണം.
- ✓ വീട്ടുവളപ്പിലെ കൃഷി, തരിശ്ശ് നില കൃഷി, മഴയെ ആശ്രയിച്ച് കൃഷി ചെയ്യുന്നവർക്കും അപേക്ഷിക്കാം.
- ✓ കർഷകർക്ക് ടി പദ്ധതിയിൽ അംഗമാകാൻ കൃഷി ഭവൻ മുഖേനയും AIMS പോർട്ടൽ വഴിയും അപേക്ഷിക്കാം.
- ✓ സ്ത്രീകൾക്കും, യുവജനങ്ങൾക്കും മുൻഗണന നൽകണം.

<u>**പദ്ധതി ഘടകങ്ങൾ**</u>

ബ്ലോക്ക് തലത്തിൽ 50 ഹെക്ടർ വീതമുള്ള 10 മൈക്രോ ക്ലസ്റ്ററുകൾ ചേർന്നാണ് ഒരു ക്ലസ്റ്റർ (500 ഹെക്ടർ) രൂപീകരിക്കുന്നത്. ക്ലസ്റ്ററുകളുടെ മേൽ നോട്ടത്തിനായി ഹൈപവർ കമ്മിറ്റി രൂപീകരിക്കുന്നു. ഇതിൽ കൃഷി അസിസ്റ്റൻറ് ഡയറക്ടർ ചെയർമാനും കൃഷി ഓഫീസർമാർ മെമ്പർറും കർഷക പ്രതിനിധികളായ 4 ഹൈ പവർ കമ്മിറ്റി അംഗങ്ങളും, 4 സിനീയർ ലോക്കൽ റിസോഴ്സ് പേഴ്സൺ (AIMS പോർട്ടൽ അംഗത്വമെടുത്ത) ചേർന്നതാണ് ഹൈ പവർ കമ്മിറ്റി രൂപീകരണം.

ക്ലസ്റ്ററുകളുടെ മേൽ നോട്ടം വഹിക്കുന്നതിനായി താഴെ പറയുന്ന കർഷക പ്രതിനിധികളെ തിരഞ്ഞെടുക്കുന്നു.

<u>**എ) ഹൈപവർ കമ്മിറ്റി കോർഡിനേറ്ററെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം**</u>

- കുറഞ്ഞത് 50 സെൻറ് കൃഷിയിടമെങ്കിലും സ്വന്തമായി കൈവശം ഉള്ള 4 കർഷകരെയാണ് തിരഞ്ഞെടുക്കുന്നത്.
- കഴിഞ്ഞ 2 വർഷമെങ്കിലും പൂർണ്ണമായി ജൈവ കൃഷി അവലംബിച്ചിരിക്കണം.

**ചുമതല**

- പദ്ധതിയുടെ മാനദണ്ഡം പാലിച്ച് കൈവശമുള്ള 50 സെൻറ് സ്ഥലത്തും മാതൃക കൃഷിത്തോട്ടം നിർമ്മിക്കണം.
- ക്ലസ്റ്ററുകളുടെ എല്ലാ പ്രവർത്തനങ്ങളുടെയും മേൽ നോട്ടം വഹിക്കണം
- ഫീൽഡ് തലത്തിൽ കർഷകർക്ക് ജൈവ കൃഷിയെ കുറിച്ച് ബോധവൽക്കരണവും പരിശീലനവും നൽകണം.
- ക്ലസ്റ്ററിലെ മറ്റ് കർഷകരുടെ കൃഷിയിടങ്ങൾ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തണം.

**ബി) സിനീയർ ലോക്കൽ റിസോഴ്സ് പേഴ്സനെ (SLRP) തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം**

- കുറഞ്ഞത് 30 സെൻറ് കൃഷിയിടമെങ്കിലും സ്വന്തമായി കൈവശം ഉള്ള 4 കർഷകരെയാണ് തിരഞ്ഞെടുക്കുന്നത്.
- കഴിഞ്ഞ 2 വർഷമെങ്കിലും പൂർണ്ണമായി ജൈവ കൃഷി അവലംബിച്ചിരിക്കണം.

**ചുമതല**

- പദ്ധതിയുടെ മാനദണ്ഡം പാലിച്ച് കൈവശമുള്ള 30 സെൻറ് സ്ഥലത്തും മാതൃക കൃഷിത്തോട്ടം നിർമ്മിക്കണം.
- ക്ലസ്റ്ററുകളുടെ എല്ലാ പ്രവർത്തനങ്ങളുടെയും മേൽ നോട്ടം വഹിക്കണം
- ഫീൽഡ് തലത്തിൽ കർഷകർക്ക് ജൈവ കൃഷിയെ കുറിച്ച് ബോധവൽക്കരണവും പരിശീലനവും നൽകണം.

- ക്ലസ്റ്ററിലെ മറ്റ് കർഷകരുടെ കൃഷിയിടങ്ങൾ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തണം.

**<u>സി) ലോക്കൽ റിസോഴ്സ് പേഴ്സനെ (LRP) തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം</u>**

- കുറഞ്ഞത് 20 സെൻറ് കൃഷിയിടമെങ്കിലും സ്വന്തമായി കൈവശം ഉള്ള 2 കർഷകരെയാണ് തിരഞ്ഞെടുക്കുന്നത്.
- കഴിഞ്ഞ 2 വർഷമെങ്കിലും പൂർണ്ണമായി ജൈവ കൃഷി അവലംബിച്ചിരിക്കണം.

**<u>ചുമതല</u>**

- 5 മൈക്രോ ക്ലസ്റ്ററുകളുടെ മേൽ നോട്ടം വഹിക്കുകയും സ്വാഭാവിക കൃഷി നടപ്പിലാക്കുന്ന കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ സജ്ജമായിരിക്കണം.
- കൃത്യമായി ഇടവേളകളിൽ 5 മൈക്രോ ക്ലസ്റ്ററുകളുടെ ഫീൽഡ് സന്ദർശനം നടത്തി ഫീൽഡ് ഡയറി എല്ലാ മാസവും അതാത് കൃഷി ഭവനിൽ സമർപ്പിക്കേണ്ടതാണ്.
- AIMS പോർട്ടലിൽ കർഷകരെ രജിസ്റ്റർ ചെയ്യുന്നതിന് വേണ്ട സഹായം ചെയ്യണം.

**<u>ഡി) കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സനെ (CRP) തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം</u>**

**<u>മാനദണ്ഡം</u>**

- കുറഞ്ഞത് 10 സെൻറ് കൃഷിയിടമെങ്കിലും സ്വന്തമായി കൈവശം ഉള്ള 2 കർഷകരെയാണ് തിരഞ്ഞെടുക്കുന്നത്.

- കഴിഞ്ഞ 2 വർഷമെങ്കിലും പൂർണ്ണമായി ജൈവ കൃഷി അവലംബിച്ചിരിക്കണം.
- കംമ്പ്യൂട്ടർ പരിജ്ഞാനം ഉണ്ടായിരിക്കണം

**ചുമതല**

- ഒരു മൈക്രോ ക്ലസ്റ്ററുകളുടെ മേൽ നോട്ടം വഹിക്കുകയും സ്വാഭാവിക കൃഷി നടപ്പിലാക്കുന്ന കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ സജ്ജമായിരിക്കണം.
- കൃത്യമായി ഇടവേളകളിൽ ഒരു മൈക്രോ ക്ലസ്റ്ററുകളുടെ ഫീൽഡ് സന്ദർശനം നടത്തി ഫീൽഡ് ഡയറി എല്ലാ മാസവും അതാത് കൃഷി ഭവനിൽ സമർപ്പിക്കേണ്ടതാണ്.
- AIMS പോർട്ടലിൽ കർഷകരെ രജിസ്റ്റർ ചെയ്യുന്നതിന് വേണ്ട സഹായം ചെയ്യണം.

**പരിശീലന പരിപാടികൾ**

ടി പദ്ധതിയിൽ അംഗമാകുന്ന എല്ലാ കർഷകർക്കും ബോധവൽക്കരണ പരിപാടികൾ, ഫീൽഡ് സന്ദർശനം, പരിശീലനം എന്നിവ നൽകുന്നു.

**ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പുകളുടെ രൂപീകരണം**

ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പുകൾ വഴി ജൈവ ഉല്പാദനോപാധികൾ ഉലാപാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് നൽകുകയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വില്പന നടത്തുകയും ചെയ്യും ഇതിനായി ഒരു ക്ലസ്റ്ററിൽ 2 ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പുകൾ പ്രവർത്തിക്കും.

## വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന ഘടകങ്ങൾ

പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതാത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ തനിമ നഷ്ടപ്പെടാതെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് വിതരണം ചെയ്യുന്നതിനും, ടി പദ്ധതിയിലെ മാനദണ്ഡങ്ങൾ പാലിച്ച് മാതൃക കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നു.

## പി.ജി.എസ് സർട്ടിഫിക്കേഷൻ

ടി പദ്ധതിയിൽ ഉൾപ്പെടുന്ന കർഷകരെ പി.ജി.എസ് ഇന്ത്യ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും പി.ജി.എസ് ഇന്ത്യാ ഗ്രീൻ സർട്ടിഫിക്കറ്റ് നൽകുകയും. ടി പദ്ധതിയിലെ മാനദണ്ഡങ്ങൾ പാലിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് മൂന്ന് വർഷം കഴിഞ്ഞ് പി.ജി.എസ് ഓർഗാനിക് സർട്ടിഫിക്കറ്റും നൽകുന്നു.

പി.ജി.എസ് സർട്ടിഫിക്കറ്റ് നൽകുന്നത് കർഷകരുടെ കൃഷിയിടത്തിനാണ്. ആയതിനാൽ ആ ഭൂമിയിലുള്ള എല്ലാ കാർഷിക വിളകളും ജൈവ ഉല്പന്നമായി ഗുണനിലവാരം ഉറപ്പാക്കി ഉയർന്ന വിലയ്ക്ക് വില്പന നടത്താൻ സാധിക്കും. ഇതൊരു ഗ്രൂപ്പ് സർട്ടിഫിക്കേഷൻ ആണ്. എങ്കിലും ഓരോ കർഷകർക്കും വെവ്വേറെ സർട്ടിഫിക്കേറ്റ് ലഭിക്കും.

പി.ജി.എസ് സർട്ടിഫിക്കറ്റ് ലഭിച്ച കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ ജൈവ ഓൺലൈൻ വിപണിയായ Jaivikkheti (www.jaivikheti.in) പോർട്ടൽ വഴി ആരംഭ ഘട്ടത്തിൽ തന്നെ വില്പന നടത്താനും ഉപഭോക്താക്കൾക്ക് വാങ്ങുവാനും സാധിക്കും. കർഷകർക്ക് അവരുടെ ജൈവ ഉൽപന്നങ്ങൾക്ക് വില നിശ്ചയിക്കുവാനുള്ള അവസരം ഇ-വിപണിയിലൂടെ സാധ്യമാകുന്നു.

പദ്ധതിയിൽ ഉൾപ്പെട്ട ഓരോ കർഷകർക്കും സർട്ടിഫിക്കേഷൻ ലഭിക്കുകയും, സർട്ടിഫിക്കറ്റിൽ ലഭിക്കുന്ന "ലോഗോ" യും കോഡ് നമ്പറും വിപണി ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാനുള്ള അവകാശം ലഭിക്കുകയും ചെയ്യും.

മേൽ പറഞ്ഞവയുടെ പൂർണ്ണത കൈവരിക്കപ്പെടുന്നത് "പി.ജി.എസ് ഇന്ത്യ ഓർഗാനിക്" എന്ന സർട്ടിഫിക്കേഷൻ ലഭിക്കുമ്പോളാണ്. ആയതിനാൽ "പി.ജി.എസ് ഇന്ത്യ ഓർഗാനിക്" ഉൽപന്നങ്ങൾക്ക് "പി. ജി. എസ് ഇന്ത്യ ഗ്രീൻ" ഉൽപന്നങ്ങളേക്കാൾ കൂടുതൽ വില ലഭിക്കും.